# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6460 08.11.2016- ൽ മറുപടിക്ക്

## കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി

ചോദ്യം
ശ്രീ.സി.കൃഷ്ണൻ
ശ്രീ.കെ.ആൻസലൻ
ശ്രീ.പി.ഉണ്ണി
ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം
ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എ) കൈത്തറി മേഖലയുടെ സംരക്ഷണത്തിനും വികസനത്തിനുമായി കേരളത്തിലെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അടുത്ത അദ്ധ്യയന വർഷം 1 മുതൽ 5-ാം ക്ലാസ് വരെയും തുടർന്നുള്ള വർഷം 8-ാം ക്ലാസു വരെയും കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൈത്തറി യൂണിഫോം ഉൽപാദിപ്പിക്കുന്നതു വഴി തൊഴിലാളികൾക്ക് 200 ദിനത്തിൽ കുറയാത്ത തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മൂലധന സഹായ പദ്ധതികൾ.
2. പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ.
3. പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ .
4. ഉൽപാദനം, വിപണനം, പരിശീലനം എന്നിവ യ്ക്കുള്ള പദ്ധതികൾ.
5. ആസൂത്രണ ബോർഡുമായി ചേർന്ന് കേരളത്തിലെ കൈത്തറി വ്യവസായത്തെ കുറിച്ച് വിശദമായ സർവ്വേ.

(ബി) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സബ്സിഡി നൽകുമോ;

(ബി) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സബ്സിഡി നൽകുന്നുണ്ട്.

(സി) കൈത്തറി മേഖലയിൽ സംരംഭകത്വവും, തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് ബിസിനസ് ഇൻക്യുബേറ്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കൈത്തറി മേഖലയിൽ സംരംഭകത്വവും, തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്ത് ഹാന്റ്ലൂം ബിസിനസ് ഇൻകുബേറ്റർ സ്ഥാപിച്ചിട്ടുണ്ട്. സംരഭകർക്കുള്ള സൗകര്യം അതുമായി ബന്ധപ്പെട്ട സേവനങ്ങൾ, സാങ്കേതികോപദേശം, ഉൽപന്നങ്ങളുടെ ഡിസൈൻ, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, കാര്യക്ഷമതയുള്ള സംരഭകർക്ക് 12 മാസം വരെ ഇൻകുബേറ്ററുകൾ വഴി പ്രദാനം ചെയ്യുന്നതാണ്. ഇതു വഴി യൂണിറ്റുകൾ തുടങ്ങുന്നതിന് ബാങ്ക് വായ്പ ലഭിക്കുന്ന മുറയ്ക്ക്, പ്രൊജക്ടുകൾക്ക് മാർജിൻമണി സഹായം (30% വരെ) നൽകുന്നതാണ്. കൈത്തറിയിലോ ടെക്സ്റ്റൈൽ ടെക്നോളജിയിലോ ഡിപ്ലോമ ഉള്ളവർക്കും കൈത്തറി നെയ്ത്തിൽ 10 വർഷത്തെ പ്രവർത്തനപരിചയം ഉള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നു.

(ഡി) കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത പൂർണ്ണമായും എഴുതിത്തള്ളി, പുതിയ ക്യാഷ് ക്രെഡിറ്റ് അനുവദിച്ച് സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിയുള്ള ആർ.ആർ.ആർ (പുനരുജ്ജീവനം, നവീകരണം, പുന:സംഘടന) പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലായിട്ടുണ്ടോ; വിശദാംശം നൽകുമോ ?

(ഡി) റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് സംസ്ഥാനത്ത് ഏറെക്കുറെ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതു പ്രകാരം 357 പ്രാഥമിക സഹകരണസംഘങ്ങളുടേയും ഹാന്റക്സിന്റേയും കടബാധ്യതയുടെ 100% മുതലും 25% പലിശയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. വായ്പ എൻ.പി.എ ആയതിനുശേഷമുള്ള 75% പലിശയും പിഴപലിശയും ധനസഹായസ്ഥാപനം എഴുതിതള്ളണമെന്ന വ്യവസ്ഥയുള്ളതാണ്. എന്നാൽ തിരുവനന്തപുരം ജില്ലയിലെ ധനകാര്യസ്ഥാപനം ഒഴികെ മറ്റെല്ലാ ജില്ലകളിലും കടബാധ്യത പൂർണ്ണമായി എഴുതിതള്ളി സംഘങ്ങൾക്കാവശ്യമുള്ള പുനർ വായ്പ നൽകുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ